# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2295 — 18-12.2012 ൽ മറുപടിയ്ക്ക്

### കാർഷിക ഗ്രാമവികസന ബാങ്കുകളിലെ കെ. സി. സി. വായ്പ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നടപ്പു സാമ്പത്തിക വർഷം എത്ര തുകയുടെ കെ.സി.സി വായ്പകൾ വിതരണം ചെയ്തുവെന്നു വ്യക്തമാക്കുമോ ; | (എ) യും (ബി) യും | 2011-2012 വർഷം മുതൽ കെ. സി. സി. വായ്പയ്ക്കുള്ള പുന:ധന സഹായം നബാർഡ് നിർത്തിയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന കെ. സി. സി. വായ്പകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. |
| (ബി) എത്ര കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത് ; കെ. സി.സി വായ്പകൾ എത്ര ശതമാനം പലിശയ്ക്കാണു വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ; | | |
| (സി) കെ.സി.സി വായ്പകൾ പലിശ അടച്ചു പുതുക്കുവാനുള്ള അവസരം കർഷകനു നഷ്ടമായിരിക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) ഉണ്ടെങ്കിൽ പ്രസ്തുത സാഹചര്യം ഉണ്ടായതെങ്ങനെ; ഇതിന് എന്തു തിരുത്തൽ നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് 2010-11 വർഷം വരെ കെ. സി. സിയ്ക്ക് പുനർവായ്പാ ധനസഹായം നബാർഡ് ലഭ്യമാക്കിയിരുന്നു. 4.5% പുനർവായ്പ നിരക്കിൽ ലഭിച്ചിരുന്ന ഈ ധനസഹായം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പലിശയിളവ് കർഷകന് ലഭ്യമാകുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ |

കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ നബാർഡ് 2011-12 സാമ്പത്തിക വർഷം മുതൽ പുനർ വായ്പാ ധനസഹായം പൂർണ്ണമായും നിർത്തലാക്കി. 2011-12 വർഷത്തിൽ വിതരണം ചെയ്ത 125 കോടിയോളം രൂപ ഇക്കാരണത്താൽ 6% പലിശ നഷ്ടം സഹിച്ച് 10.50% പലിശനിരക്കിൽ മറ്റുധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് ടി വായ്പകൾ 11% നിരക്കിൽ പുതുക്കുന്നതിനുള്ള ധനസഹായം നൽകിക്കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ